ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ഉണ്ട്.

(ബി) കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ സാധ്യമാക്കുക, പൊതുജനങ്ങൾക്ക് സുരക്ഷിതയാത്ര സംബന്ധിച്ച് ട്രാഫിക് അവബോധം നൽകുക, അവ ശരിയായി പാലിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് 'ശുഭയാത്ര' പദ്ധതിക്കുള്ളത്. ഈ പദ്ധതിവഴി ട്രാഫിക്കുമായി ബന്ധപ്പെട്ട '3E' കളായ എൻഫോഴ്സ്മെന്റ്, എഞ്ചിനീയറിംഗ്, എഡ്യൂക്കേഷൻ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ സാധ്യമാകുന്നതാണ്.

(സി) 4-6-2015-ലെ സ.ഉ.(ആർ.റ്റി.) 1368/2015/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ശുഭയാത്ര പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി റോഡ് സേഫ്റ്റി കമ്മീഷണർ 1,00,00,000 രൂപ (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി 6 കോടി രൂപ കൂടി അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിച്ചുവരുന്നു. ട്രാഫിക് ബോധവൽക്കരണത്തിന്റെ ഭാഗമായി 30 സ്കൂളുകളിൽ ശ്രീ. ഗോപിനാഥ് മുതുകാട് രൂപകൽപ്പന ചെയ്ത 'Traffic through Magic' എന്ന മാജിക് പരിപാടി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സംസ്ഥാന സംരംഭക മിഷൻ

18 (*18) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംരംഭക വികസന മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) കേരളത്തിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കാനും യുവാക്കളിൽ ഒരു സ്വയം സംരംഭക സംസ്കാരം വളർത്താനും ലക്ഷ്യമിട്ടുകൊണ്ട് 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് 8-12-2011-ലെ സ.ഉ. (എം.എസ്.) നമ്പർ 590/11/ധന പ്രകാരം കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ പദ്ധതി (KSEDM) നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) അറിവും അഭിരുചിയുമുള്ള അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ധനസഹായം നൽകി കേരളത്തിലെ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക, തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കുക എന്നിവയാണ് KSEDM പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയർമാനും ധന-വ്യവസായ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിമാരും നബാർഡ്, കെ.എഫ്.സി., പരിശീലന കേന്ദ്രങ്ങൾ, ബാങ്കുകൾ/ ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു അപെക്സ് കമ്മിറ്റി രൂപീകരിച്ച് മിഷന്റെ പ്രവർത്തനം അവലോകനം ചെയ്യുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നോഡൽ ഏജൻസിസായി നിശ്ചയിച്ചിട്ടുള്ള കെ.എഫ്.സി.-യിൽ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധി, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പ്രതിനിധി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചീഫ് മാനേജർ മുതലായവർ അടങ്ങിയ കമ്മിറ്റി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വച്ച് അഭിമുഖം നടത്തുകയും ഇതിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പരമാവധി 20 ലക്ഷം രൂപ വരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ അനുവദിക്കും.

LIBRARY ARCHIVES Kerala Legislative Assembly